REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-10-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കർമ്മയോഗി സപ്താഹ്-ദേശീയ പഠന വാരത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പസമയത്തിനകം ന്യൂഡൽഹിയിൽ തുടക്കം കുറിക്കും.**
- **കണ്ണൂർ ADM കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് അന്വേഷണം തുടങ്ങി. ലാന്റ് റവന്യു ജോയിന്റ് കമ്മീഷണർ A ഗീത കണ്ണൂർ ജില്ലാ കളക്ടറിൽ നിന്ന് മൊഴിയെടുത്തു.**
- **KUWJ സംസ്ഥാന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്തു.**
- **പുലർച്ചെ അന്തരിച്ച സാഹിത്യനിരൂപകനും പ്രഭാഷകനുമായ ബാലചന്ദ്രൻ വടക്കേടത്തിന്റെ സംസ്കാരം നാളെ രാവിലെ തൃപ്രയാറിലെ വീട്ടു വളപ്പിൽ.**
- **ന്യൂസിലൻഡിനെതിരായ ആദ്യ ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ഇന്നിംഗ്സിൽ ലഞ്ചിന് പിരിയുമ്പോൾ ഇന്ത്യ മൂന്ന് വിക്കറ്റിന് 344 റൺസെടുത്തു.**

## വാർത്തകൾ വിശദമായി

കർമ്മയോഗി സപ്താഹ്-ദേശീയ പഠന വാരത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. ഓരോ കർമ്മയോഗിയും ആഴ്ചയിൽ, നാല് മണിക്കൂറെങ്കിലും യോഗ്യതയുമായി ബന്ധപ്പെട്ട പഠനം എന്ന ലക്ഷ്യം കൈവരിക്കാൻ സന്നദ്ധരാകണമെന്നാണ് പരിപാടിയിലൂടെ

ഉദ്ദേശിക്കുന്നത്. പങ്കെടുക്കുന്നവർ iGOT പ്ലാറ്റ്ഫോമിൽ ലഭ്യമായ കോഴ്‌സുകൾ പൂർത്തിയാക്കണം. പ്രൊഫഷണലുകൾ രൂപകൽപ്പന ചെയ്ത വെബിനാർ ഫോർമാറ്റിലാണ് കോഴ്‌സുകൾ ലഭ്യമാക്കുന്നത്. പ്രമുഖ പ്രഭാഷകർ പ്രഭാഷണങ്ങൾ നടത്തുകയും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കാൻ കർമ്മയോഗിയെ സഹായിക്കുകയും ചെയ്യും.

പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ട കഴിവുകൾ വർദ്ധിപ്പിക്കാൻ മന്ത്രാലയങ്ങളും വകുപ്പുകളും ദേശീയ പഠനവാര കാലത്ത് ശിൽപശാലകളും സെമിനാറുകളും സംഘടിപ്പിക്കും.

✪✪✪

16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 22 മുതൽ റഷ്യ സന്ദർശിക്കും. "സന്തുലിതമായ ആഗോള വികസനത്തിനു ബഹുമുഖ ശാക്തീകരണം" എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് ഉച്ചകോടി. സന്ദർശന വേളയിൽ പ്രധാനമന്ത്രി ബ്രിക്സ് രാഷ്ട്ര നേതാക്കളുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

ഇന്ത്യയ്ക്കും മെക്സിക്കോയ്ക്കുമിടയിലെ സഹകരണം ഇരു രാജ്യങ്ങൾക്കുമിടയിലെ ബന്ധം കൂടുതൽ ആഴത്തിലാക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. മെക്സിക്കോയിൽ വ്യാപാര നിക്ഷേപ സഹകരണം മെച്ചപ്പെടുത്തുന്നതിന് സംഘടിപ്പിച്ച ഇന്ത്യ മെക്സിക്കോ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ഉച്ചകോടിയിൽ പങ്കെടുക്കുകയായിരുന്നു ധനമന്ത്രി.

✪✪✪

2025 ലെ എൻജിനീയറിങ്ങ് സർവീസ് പരീക്ഷാ രജിസ്ട്രേഷനായി UPSC പുതിയ അപേക്ഷാ ജാലകം തുറന്നു. ഇന്ത്യൻ റെയിൽവേ മാനേജ്മെന്റ് സർവീസിനെക്കൂടി എൻജിനീയറിങ്ങ് സർവീസ് പരീക്ഷയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചതോടെയാണ് പുതിയ അപേക്ഷകർക്കായി UPSC അപേക്ഷാ ജാലകം തുറന്നത്. അടുത്ത മാസം 22 വരെ അപേക്ഷകൾ സമർപ്പിക്കാനും അവസരമൊരുക്കിയിട്ടുണ്ട്. നേരത്തെ അപേക്ഷിച്ച ഉദ്യോഗാർത്ഥികൾ വീണ്ടും അപേക്ഷിക്കേണ്ടതില്ലെന്ന് UPSC അറിയിച്ചു.

✪✪✪

കണ്ണൂർ ADM കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് അന്വേഷണം തുടങ്ങി. ലാൻഡ് റവന്യൂ ജോയിൻറ് കമ്മീഷണർ A. ഗീതയുടെ നേതൃത്വത്തിലാണ് അന്വേഷണം തുടങ്ങിയത്. രാവിലെ

കണ്ണൂരിലെത്തിയ ജോയിന്റ് കമ്മീഷണർ ജില്ലാ കലക്ടർ അരുൺ K വിജയനിൽ നിന്ന് മൊഴിയെടുത്തു.

✪✪✪

കണ്ണൂർ ADM കെ നവീൻ ബാബുവിന്റെ യാത്രയയപ്പ് ചടങ്ങിലേക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന PP.ദിവ്യയെ ക്ഷണിച്ചിരുന്നില്ലെന്ന് കളക്ടർ അരുൺ K വിജയൻ അറിയിച്ചു. പ്രോട്ടോക്കോൾ മാനിച്ചാണ് ചടങ്ങിലെ അവരുടെ സംസാരം തടയാതിരുന്നതെന്നും കളക്ടർ പറഞ്ഞു. പരിപാടി സംഘടിപ്പിച്ചത് സ്റ്റാഫ് കൗൺസിൽ ആണെന്നും അദ്ദേഹം അറിയിച്ചു.

കളക്ടർ ക്ഷണിച്ചിട്ടാണ് യാത്രയയപ്പ് യോഗത്തിന് പോയതെന്ന ദിവ്യയുടെ വാദങ്ങൾ നിഷേധിക്കുന്നതാണ് കളക്ടറുടെ പ്രതികരണം. സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ചതിനാൽ കൂടുതൽ കാര്യങ്ങൾ പറയാൻ ബുദ്ധിമുട്ടാണെന്നും അന്വേഷണം അതിന്റെ വഴിക്ക് നടക്കട്ടെയെന്നും അരുൺ K. വിജയൻ പറഞ്ഞു.

✪✪✪

കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല, ബെന്നി ബഹനാൻ MP, ഉമാ തോമസ് MLAതുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. വൈകിട്ട് സമാപന സമ്മേളനം ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും.

✪✪✪

അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, ദീപാവലി ആഘോഷങ്ങളിൽ പടക്കം പൊട്ടിക്കുന്നത് രാത്രി എട്ടു മുതൽ 10 വരെയും ക്രിസ്മസ്, പുതുവത്സരാഘോഷങ്ങളിൽ രാത്രി 11.55 മുതൽ പുലർച്ചെ 12.30 വരെയുമാക്കി സംസ്ഥാന ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കത്തിന്റെയും അടിസ്ഥാനത്തിലാണു നിർദേശം. ആഘോഷങ്ങളിൽ ഹരിത പടക്കങ്ങൾ മാത്രമാണ് ഉപയോഗിക്കാൻ അനുമതി.

✪✪✪

വയനാട് ഉപതിരഞ്ഞെടുപ്പ് കേരള രാഷ്ട്രീയത്തിന്റെ ഗതിമാറ്റത്തിന് തുടക്കം കുറിക്കുമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ പറഞ്ഞു. വഖഫ് ഭൂമിയുടെ പേരിൽ പലയിടത്തും അനധികൃത കൈയ്യേറ്റങ്ങൾ നടക്കുന്നുണ്ടെന്നും, വിഷയത്തിൽ കേരളത്തിന്റെ നിലപാട് അറിയിക്കാൻ BJP

പ്രതിനിധി സഭയിൽ വേണമെന്നും സുരേന്ദ്രൻ പാലക്കാട്ട് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

വയനാട് ലോക്സഭ മണ്ഡലം UDF തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവമ്പാടി നിയോജകമണ്ഡലം കൺവെൻഷൻ ഉച്ചകഴിഞ്ഞ് തിരുവമ്പാടിയിൽ ചേരും.

പ്രതിപക്ഷനേതാവ് VD സതീശൻ, PK കുഞ്ഞാലിക്കുട്ടി അടക്കം UDF നേതാക്കൾ തുടങ്ങിയവർ കൺവെൻഷനിൽ പങ്കെടുക്കും.

✪✪✪

പുലർച്ചെ അന്തരിച്ച സാഹിത്യനിരൂപകനും പ്രഭാഷകനുമായ ബാലചന്ദ്രൻ വടക്കേടത്തിന്റെ സംസ്കാരം നാളെ രാവിലെ തൃപ്രയാറിലെ വീട്ടു വളപ്പിൽ നടത്തും.

രോഗബാധയെ തുടർന്ന് തൃശ്ശൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു 69- കാരനായ അദ്ദേഹത്തിന്റെ അന്ത്യം. ഭൗതിക ശരീരം ഇപ്പോൾ കേരള സാഹിത്യ അക്കാദമി ഹാളിൽ പൊതുദർശനത്തിന് വെച്ചിരിക്കുകയാണ്.

വാക്കിന്റെ സൗന്ദര്യ ശാസ്ത്രം, വായനയുടെ ഉപനിഷത്ത്, രമണൻ എങ്ങനെ വായിക്കരുത്, അർത്ഥങ്ങളുടെ കലഹം, ആനന്ദമീമാംസ എന്നിവയടക്കം 25 ലേറെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. കേരള കലാമണ്ഡലം സെക്രട്ടറിയായും സാഹിത്യ അക്കാദമി വൈസ് പ്രസിഡന്റായും ബാലചന്ദ്രൻ വടക്കേടത്ത് പ്രവർത്തിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി കുറ്റിപ്പുഴ അവാർഡ്, കാവ്യ മണ്ഡലം അവാർഡ് എന്നിവയടക്കം നിരവധി പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

✪✪✪

ബാലചന്ദ്രൻ വടക്കേടത്തിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. ശ്രദ്ധേയ നിരൂപകനും പ്രഭാഷകനും ആയിരുന്നു അദ്ദേഹമെന്ന് പിണറായി വിജയൻ പറഞ്ഞു.

✪✪✪

നഗര മാലിന്യ നിർമാർജനം പുതിയ സംസ്കാരമായി വളർത്തിയെടുക്കണമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. കൊച്ചി നഗരത്തിന്റെ സാധ്യതകൾ മനസ്സിലാക്കി ലോകനിലവാര നഗരമാക്കി മാറ്റാൻ സാധിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കൊച്ചിൻ സ്മാർട്ട് സിറ്റി മിഷന്റെ യന്ത്രവൽകൃത ഖര മാലിന്യ നീക്കത്തിനായുള്ള ഉപകരണങ്ങളുടെ ഫ്ലാഗ് ഓഫ്, റോഡുകളുടെ ഉദ്ഘാടനം എന്നിവ ഇന്നലെ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

അനധികൃത വിദേശ റിക്രൂട്ട്മെന്റും വീസാ തട്ടിപ്പും തടയുന്നതിന് സംസ്ഥാന ഗവൺമെന്റ് ശക്തമായ നടപടികൾ ആരംഭിച്ചു. ഇതിനായി നോർക്ക റൂട്ട്സ് ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിലെ പ്രൊട്ടക്ടർ ഓഫ് ഇമിഗ്രന്റ്സ് ഉദ്യോഗസ്ഥർ, NRI സെൽ പോലീസ് സൂപ്രണ്ട് എന്നിവർ അംഗങ്ങളായി ടാസ്ക്ഫോഴ്സ് രൂപീകരിച്ചു.

✪✪✪

ന്യൂസിലൻഡിനെതിരായ ആദ്യ ക്രിക്കറ്റ് ടെസ്റ്റിന്റെ നാലാം ദിവസമായ ഇന്ന് ബംഗലൂരുവിൽ ലഞ്ചിന് പിരിയുമ്പോൾ ഇന്ത്യ രണ്ടാം ഇന്നിംഗ്സിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 344 റൺസെടുത്തു. ന്യൂസിലാന്റിന്റെ ഒന്നാം ഇന്നിംഗ്സ് സ്കോറിനേക്കാൾ 12 റൺസ് പിന്നിലാണ് ഇപ്പോൾ ഇന്ത്യ. മഴയെത്തുടർന്ന് ഉച്ചഭക്ഷണത്തിന് ശേഷം കളി തുടങ്ങിയിട്ടില്ല.

✪✪✪

വനിതാ ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ നാളെ ന്യൂസിലാന്റ് ദക്ഷിണാഫ്രിക്കയെ നേരിടും. ഷാർജയിൽ രണ്ടാം സെമിയിൽ വെസ്റ്റ് ഇൻഡീസിനെ എട്ട് റൺസിന് പരാജയപ്പെടുത്തിയാണ് ന്യൂസിലാന്റ് ഫൈനലിൽ എത്തിയത്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഗോവ FC മുംബൈ സിറ്റി FC യെ നേരിടും. വൈകിട്ട് അഞ്ചിന് ഗോവയിലാണ് മത്സരം.

✪✪✪

സൂപ്പർ ലീഗ് കേരളയിൽ കണ്ണൂർ വാറിയേഴ്സ് ഇന്ന് തിരുവനന്തപുരം കൊമ്പൻസിനെ നേരിടും.

കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് 7.30 നാണ് മത്സരം.

✪✪✪

ഈ വർഷത്തെ അമ്പെയ്ത്ത് ലോകകപ്പ് ഫൈനൽ ഇന്ന് മെക്സിക്കോയിൽ ആരംഭിക്കും. ഏഷ്യൻ ഗെയിംസ് സ്വർണമെഡൽ ജേതാവ് ജ്യോതി സുരേഖ

വെന്നം, ഒളിമ്പ്യൻമാരായ ദീപിക കുമാരി, ധീരജ് ബൊമ്മദേവര, പ്രിയാൻഷ്, പ്രഥമേഷ് ഫുഗെ എന്നിവരാണ് മത്സരിക്കുന്ന അഞ്ച് ഇന്ത്യക്കാർ.

✪✪✪

മലേഷ്യയിൽ സുൽത്താൻ ജോഹർ കപ്പ് ഹോക്കിയിൽ ഇന്ത്യൻ ജൂനിയർ പുരുഷ ടീം ഇന്ന് മത്സരത്തിനിറങ്ങും. ഉച്ച കഴിഞ്ഞ് 1.35നാണ് മത്സരം.

✪✪✪

മറ്റന്നാൾ കോഴിക്കോട് മെഡിക്കൽ കോളജ് സ്റ്റേഡിയത്തിൽ ആരംഭിക്കുന്ന 66-ാമത് കോഴിക്കോട് റവന്യു ജില്ലാ കായിക മേളയുടെ ദീപശിഖ പ്രയാണം ആരംഭിച്ചു.

ഉമ്മത്തൂർ SIH ഹയർസെക്കൻഡറിയിലെ പരേതനായ കായികാധ്യാപകൻ P അലി മാസ്റ്ററുടെ വസതിയിൽ നിന്നാണ് ദീപശിഖ യാത്ര തുടങ്ങിയത്.

✪✪✪

ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യത കണക്കിലെടുത്ത് നാളെ വരെ കേരള - കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കേരള- കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മണിക്കൂറിൽ 55 കിലോമീറ്റർ വേഗതയിൽ കാറ്റിന് സാധ്യതയുണ്ട്.

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ചൊവ്വാഴ്ച്ച വരെ ഇടി മിന്നലോടു കൂടി നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

കേരളാ ലക്ഷദ്വീപ് തീരങ്ങളിൽ നാളെ പുലർച്ചെ അഞ്ചര മുതൽ മറ്റന്നാൾ രാത്രി 11.30 വരെ ഉയർന്ന തിരമാലക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

സംഗീതജ്ഞൻ K. രാഘവൻ മാസ്റ്റർ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ഈ വർഷത്തെ K. രാഘവൻ മാസ്റ്റർ പുരസ്കാരത്തിന് സംഗീത സംവിധായകൻ M. ജയചന്ദ്രൻ അർഹനായതായി ഭാരവാഹികൾ കണ്ണൂരിൽ അറിയിച്ചു. 50,000 രൂപയും പ്രശസ്തി പത്രവും ഉൾപ്പെട്ടതാണ് പുരസ്കാരം പുരസ്കാര വിതരണ തീയ്യതി പിന്നീട് അറിയിക്കും.

✪✪✪

വയനാടിന്റെ വികസനം ത്വരിതപ്പെടുത്താൻ സഹായകമാകുന്ന കള്ളാടി-ആനക്കാംപൊയിൽ തുരങ്ക പാത പദ്ധതിക്കെതിരായ നീക്കങ്ങൾ

തിരിച്ചറിയണമെന്ന് കൽപ്പറ്റ പൗരസമിതി പൊതുജനങ്ങളോട് ആവശ്യപ്പെട്ടു. പദ്ധതി അട്ടിമറിക്കാൻ തത്പര കക്ഷികൾ രംഗത്തുണ്ടെന്ന് യോഗം വിലയിരുത്തി.

✪✪✪

വയനാട്ടിലെ ബാവലി-മാനന്തവാടി-തലശ്ശേരി റോഡ് പുനർനിർമ്മാണം ഇഴഞ്ഞ് നീങ്ങുന്നതിൽ പ്രതിഷേധിച്ച് പേരിയ ചുരം ആക്ഷൻ കമ്മറ്റിയുടെ നേതൃത്വത്തിൽ പേരിയയിൽ ഇന്ന് പ്രകടനവും സമര പ്രഖ്യാപനവും നടത്തും. രണ്ടരമാസത്തിലേറെയായി റോഡിലെ ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണ്. മറ്റന്നാൾ രാവിലെ 42-ാം മൈൽ ബോയ്സ് ടൗണിൽ വഴി തടയൽ സമരം നടത്താനും തീരുമാനിച്ചിട്ടുണ്ട്.

✪✪✪

ഗാനരചയിതാവ് P ഭാസ്കരന്റെ ജന്മശതാബ്ദിയുടെ ഭാഗമായി ആകാശവാണി കണ്ണൂർ നിലയം സംഘടിപ്പിക്കുന്ന കണ്ണീരും സ്വപ്നങ്ങളും എന്ന പ്രഭാഷണ പരമ്പരയുടെ ഭാഗമായി കണ്ണൂരിൽ ഭാസ്കരൻ എഴുതിയ 100 പാട്ടുകളുടെ അവതരണം ആരംഭിച്ചു. ഗായകൻ VT മുരളി ഉദ്ഘാടനം ചെയ്തു.

✪✪✪